(സി) ചെക്ക് പോസ്റ്റുകൾ വഴി കടന്നുവരുന്ന വാഹനങ്ങൾ തടഞ്ഞു നിർത്തി പരിശോധിക്കുന്നതിലേക്കായി സ്ഥാപിച്ചിട്ടുള്ള ബാരിക്കേഡുകൾ തകർക്കുക, ചെക്ക് പോസ്റ്റ് ഉദ്യോഗസ്ഥരെ കൈയ്യേറ്റം ചെയ്യുക എന്നീ ഗുണ്ടാ ആക്രമണങ്ങളിലൂടെ ചെക്ക് പോസ്റ്റ് വഴി ചില വാഹനങ്ങൾ പരിശോധനയ്ക്ക് വിധേയമാകാതെ കടന്നു പോകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നികുതി വെട്ടിപ്പ് നടത്തുന്നതിലേക്കാണ് ഒറ്റപ്പെട്ട ചില ഗുണ്ടാ ആക്രമണങ്ങൾ ആളൊഴിഞ്ഞ പ്രദേശങ്ങളിൽ സ്ഥിതിചെയ്യുന്ന സി ക്ലാസ്സ് ചെക്ക് പോസ്റ്റുകളിൽ സംഭവിച്ചിട്ടുള്ളത്.

(ഡി) വാണിജ്യ നികുതി വകുപ്പിലെ ഇന്റലിജൻസ് വിഭാഗവും, പോലീസ് വിജിലൻസ് വിഭാഗവും ചെക്ക് പോസ്റ്റുകളിൽ മിന്നൽ പരിശോധന നടത്തുന്നുണ്ട്. കൂടാതെ ചെക്ക് പോസ്റ്റിലെ പരിശോധന കഴിഞ്ഞു വരുന്ന ചില ചരക്കു വാഹനങ്ങളെ നികുതി വകുപ്പിലെ ഇന്റലിജൻസ് വിഭാഗം വീണ്ടും പരിശോധിക്കുകയും നികുതി വെട്ടിപ്പ് നടന്നിട്ടുള്ളതായി കണ്ടെത്തിയാൽ അവ പിഴ സഹിതം ഈടാക്കുകയും കുറ്റക്കാരായ ഉദ്യോഗസ്ഥൻമാർക്കെതിരെ ശിക്ഷണ നടപടികൾ സ്വീകരിക്കുകയും ചെയ്യാറുണ്ട്. ഇത്തരം നടപടികൾ വഴി അഴിമതി പൂർണ്ണമായി ഇല്ലാതാക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു. ഗുണ്ടാ ആക്രമണം നടന്നിട്ടുള്ള സ്ഥലങ്ങളിൽ പോലീസ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു.

## നികുതി വകുപ്പ് അംഗീകരിച്ച ടൂറിസം മേഖലകൾ

106 [2084] ശ്രീ. എസ്. രാജേന്ദ്രൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നികുതി വകുപ്പ് അംഗീകരിച്ച ടൂറിസം മേഖലകൾ ഏതൊക്കെയാണ് എന്ന് വ്യക്തമാക്കാമോ;

(ബി) ഇടുക്കി ജില്ലയിലെ ചിന്നക്കനാലിനെ നികുതി വകുപ്പ് അംഗീകരിച്ച ടൂറിസ്റ്റ് മേഖലയായി പ്രഖ്യാപിക്കുമോ?

### ഉത്തരം

(എ) കേരള സർക്കാർ നോട്ടിഫിക്കേഷൻ എസ്.ആർ.ഒ. നമ്പർ 1071/2003 [ജി.ഒ.(പി) നമ്പർ 184/2003/നി.വ. തീയതി 20-11-2003] പ്രകാരം പുറപ്പെടുവിച്ച ഗസറ്റ് വിജ്ഞാപനത്തിൽ താഴെ പറയുന്ന സ്ഥലങ്ങൾ ടൂറിസം മേഖലകളായി അംഗീകരിച്ചിട്ടുണ്ട്:

(1) കോവളം
(2) വർക്കല
(3) മൂന്നാർ
(4) തേക്കടി
(5) കുമരകം
(6) ബേക്കൽ
(7) പീരുമേട്
(8) തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ അന്താരാഷ്ട്ര വിമാനത്താവളങ്ങൾ.

LIBRARY ARCHIVES Kerala Legislative Assembly

1-3-2007-ലെ സർക്കാർ ഉത്തരവ് നമ്പർ ജി.ഒ. (എം.എസ്.) നമ്പർ 34/07/നി.വ. പ്രകാരം പ്രഖ്യാപിച്ച 2007-2008-ലെ അബ്കാരി പോളിസിയിൽ മേൽപ്പറഞ്ഞ 8 ടൂറിസം മേഖലകൾക്ക് പുറമേ എറണാകുളം ജില്ലയിലെ ചെറായിയും തൃശ്ശൂർ ജില്ലയിലെ ആതിരപ്പിള്ളിയും ടൂറിസം മേഖലകളായി അംഗീകരിച്ചിട്ടുണ്ട്.

(ബി) ഇപ്പോൾ പരിഗണനയിലില്ല.

## കുറവിലങ്ങാട് സബ്ട്രഷറി

107 [2085] ശ്രീ. മോൻസ് ജോസഫ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടുത്തുരുത്തി നിയോജക മണ്ഡലത്തിലെ കുറുവിലങ്ങാട് പുതിയ സബ്ട്രഷറി ആരംഭിക്കണമെന്ന നിവേദനത്തിൻമേൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വെളിപ്പെടുത്താമോ;

(ബി) സബ് ട്രഷറി സംബന്ധിച്ച് പഞ്ചായത്ത് സമിതി തീരുമാനവും, അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്താമെന്ന ഉറപ്പും ഗവൺമെന്റിന് ലഭിച്ചിട്ടുണ്ടോ;

(സി) ഇതിന്റെ അടിസ്ഥാനത്തിൽ എത്രയും വേഗം സബ്ട്രഷറി ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ; വിശദാംശം വെളിപ്പെടുത്താമോ?

### ഉത്തരം

(എ) കുറുവിലങ്ങാട് കേന്ദ്രമാക്കി ഒരു സബ്ട്രഷറി സ്ഥാപിക്കേണ്ടതിന്റെ ആവശ്യകതയെ സംബന്ധിച്ച ജില്ലാ ആഫീസറുടെ റിപ്പോർട്ടിന്മേൽ സർക്കാർ പരിശോധിച്ചു തൽക്കാലം പുതിയ ട്രഷറികൾ തുടങ്ങുന്നതിന് ഉദ്ദേശമില്ല.

(ബി) ലഭിച്ചിട്ടുണ്ട്.

(സി) പ്രഖ്യാപിച്ചു കഴിഞ്ഞ ട്രഷറികൾ ഒഴികെ സംസ്ഥാനത്ത് പുതിയ സബ്ട്രഷറികൾ ആരംഭിക്കുന്നതിന് ഉദ്ദേശമില്ല.

## ചേർത്തലയിൽ പെൻഷൻ ട്രഷറി സ്ഥാപിക്കുന്നതിന് നടപടി

108 [2086] ശ്രീ. പി. തിലോത്തമൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേർത്തല സബ്ട്രഷറിയിൽ നിന്നും പെൻഷൻ വാങ്ങുന്നവരുടെ എണ്ണം എത്രയാണ്; ഇതിൽ സബ്ട്രഷറിയിൽ നിന്നും നേരിട്ട് പെൻഷൻ വാങ്ങുന്നവരെത്ര;

(ബി) പെൻഷൻ വിതരണം നടക്കുന്ന ആദ്യ ദിവസങ്ങളിൽ ശരാശരി എത്ര പേർ ചേർത്തല സബ്ട്രഷറിയിൽ നിന്നും പെൻഷൻ വാങ്ങുന്നുണ്ട്; ഇവരെ ഉൾക്കൊള്ളാനുള്ള സ്ഥലസൗകര്യവും ഓഫീസ് സൗകര്യവും ചേർത്തല സബ്ട്രഷറിക്കുണ്ടോ;

(സി) ആയിരക്കണക്കിനുള്ള പെൻഷൻകാരുടെ സൗകര്യത്തിനായി ചേർത്തലയിൽ ഒരു പെൻഷൻ ട്രഷറി സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly